കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ് - ജീവനക്കാര്യം - അഡാക്കിലെ ജീവനക്കാരെ കെ.എസ്.ആർ.-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കി, അവരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 58 വയസ്സാക്കി വരുംകാല പ്രാബല്യത്തിൽ ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്

സ.ഉ.(എം.എസ്.)നം.18/2014/മ.തു.വ          തീയതി, തിരുവനന്തപുരം 24/02/2014

---

പരാമർശം:- 1) ശ്രീ. കെ.വി. മോഹനൻ, ഫാം ലേബറർ 23.11.2013 ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം

2) അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.10.2013 ലെ അഡാക്ക്/സി/2388/13 നമ്പർ കത്ത്

3) ഫിഷറീസ് ഡയറക്ടറുടെ 05.12.2013 ലെ എ 1/19741/12 നമ്പർ കത്ത്

<u>ഉത്തരവ്</u>

അഡാക്കിലെ ജീവനക്കാർക്ക് കെ.എസ്.ആർ. പാർട്ട് I ഉം II ഉം ബാധകമാക്കിയിട്ടുണ്ടെന്നും അതുപ്രകാരം കെ.എസ്.ആർ. പാർട്ട് I ചട്ടം 60 അനുസരിച്ച് അഡാക്കിലെ ഒരു ജീവനക്കാരൻ 56 വയസ്സാകുമ്പോൾ വിരമിക്കുകയും ചെയ്യുന്നുവെന്നും അഡാക്കിലെ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പെൻഷൻ, ടെർമിനൽ സറണ്ടർ തുടങ്ങിയ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്ന വിധത്തിലുള്ള സ്കീമുകളൊന്നും തന്നെ ഇല്ലെന്നും വിരമിക്കൽ സമയത്ത് ഇ.പി.എഫ്. പെൻഷന്റെ ആനുകൂല്യം മാത്രമേ അവർക്ക് ലഭിക്കുന്നുള്ളൂ എന്നും അതിനാൽ 08.10.2013 ൽ കൂടിയ അഡാക്കിന്റെ 31-ാമത് ഗവേണിംഗ് ബോഡി യോഗ തീരുമാനപ്രകാരം, അഡാക്കിലെ ജീവനക്കാരെ കെ.എസ്.ആർ. പാർട്ട് I ചട്ടം 60 ന്റെ പരിധിയിൽ നിന്നും ഒഴിവാക്കി അവരുടെ വിരമിക്കൽ പ്രായം 58 വയസ്സാക്കി ഉയർത്തണമെന്നാവശ്യപ്പെട്ട് പരാമർശം രണ്ട് പ്രകാരം അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എംപ്ലോയീസ് പെൻഷൻ സ്കീം 1995 പ്രകാരം ഒരു അംഗം 58 വയസ്സിൽ റിട്ടയർ ചെയ്യുകയോ 20 വർഷത്തിൽ കൂടുതൽ സേവനകാലം ചെയ്തിട്ടുള്ളതോ ആണെങ്കിൽ ടിയാൾ തന്റെ പെൻഷന് അർഹമായ സേവനകാലം കൂടാതെ 2 വർഷത്തിൽ കൂടുതൽ വെയിറ്റേജിന് അർഹനാണെന്നും അഡാക്കിലെ ഭൂരിഭാഗം ജീവനക്കാർക്കും 20 വർഷത്തോളം പെൻഷന് യോഗ്യമായ സേവനകാലം ഉണ്ടാകില്ലെന്നും അതിനാൽ ഇ.പി.എഫ്. പെൻഷനുള്ള 2 വർഷത്തെ വെയിറ്റേജിന്റെ ആനുകൂല്യം നഷ്ടമാകുമെന്നും അതിനാൽ അഡാക്ക് ജീവനക്കാരെ കെ.എസ്.ആർ. പാർട്ട് I, ചട്ടം 60 ന്റെ പരിധിയിൽ നിന്നും ഒഴിവാക്കി അവരുടെ വിരമിക്കൽ പ്രായം 58 വയസ്സാക്കി ഉയർത്തണമെന്നും അഡാക്ക് എക്സിക്യൂട്ടീവ്

ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഒന്നും വരുത്താത്തതിനാൽ അഡാക്ക് ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സാക്കി ഉയർത്തുന്നതിന് ഫിഷറീസ് വകുപ്പിന് എതിർപ്പൊന്നുമില്ലെന്ന് പരാമർശം മൂന്നിലെ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഡാക്കിലെ ജീവനക്കാരെ കെ.എസ്.ആർ.-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട്, അവരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 58 വയസ്സാക്കി വരുംകാല പ്രാബല്യത്തിൽ ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**കെ.ആർ. ജ്യോതിലാൽ**

ഗവൺമെന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്ക്, തൈക്കാട് പി.ഒ., തിരുവനന്തപുരം

ശ്രീ. കെ.വി. മോഹനൻ, ഫാം ലേബറർ, അഡാക്ക് ഫിഷ് ഫാം, പൊയ്യ പി.ഒ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (31.01.2014 ലെ 11311/ഡെവ.1/13/ധന നമ്പർ പ്രകാരം)

പൊതുഭരണ (എസ്.സി.) വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടർ II, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

(ഗവ.വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

[signature]

സെക്ഷൻ ഓഫീസർ.

Endt. No. ADAK/C/2388/13 dt. /2/14

Copy communicated to R.E, Alpy/Ekm, Farm Manager Ayiramthengu/Poyya/Eraholi, Hatchery Manager, Odayam, Aquarium Manager Neyyar Dam

DESPATCHED ON.......... 26/2/14

[signature]

GO, ADAK

25/2/14